**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*95 03.12.2015 -ലെ മറുപടിയ്ക്ക്

## പ്രത്യേക പദവിയുള്ള ഉന്നത വിദ്യാഭ്യാസ മേഖല

*ചോദ്യം*
ശ്രീ. സി.ദിവാകരൻ
,, കെ.രാജു
,, ജി.എസ്.ജയലാൽ
ശ്രീമതി. ഇ. എസ്. ബിജിമോൾ :

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രത്യേക പദവിയുള്ള ഉന്നത വിദ്യാഭ്യാസ മേഖലക്ക് അനുമതി നൽകാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (എ) | പ്രത്യേക പദവിയുള്ള ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് അനുമതി നൽകാനുള്ള ശുപാർശയ്ക്ക് തത്വത്തിൽ അംഗീകാരം നൽകി, താല്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരം വിദ്യാഭ്യാസ മേഖലകൾക്ക് എന്തെല്ലാം ഇളവുകളാണ് നൽകാൻ തീരുമാനിച്ചിട്ടുള്ളത് എന്നും ഇതിൽ സർക്കാരിന് എത്രമാത്രം പങ്കാളിത്തമുണ്ടാകുമെന്നും വ്യക്തമാക്കുമോ ; | (ബി) | അന്താരാഷ്ട്ര ഉന്നത അക്കാദമിക് മേഖലകളിലെ കോഴ്സുകൾക്ക് ഫീസ് നിശ്ചയിക്കാനുള്ള അവകാശം വിദ്യാഭ്യാസ ഏജൻസിക്കുണ്ടായിരിക്കുന്നതാണ്. പ്രത്യേക എക്സ്പോർട്ട് പ്രോസസിംഗ് സോണുകളിൽ ലഭിക്കുന്ന ആനുകൂല്യങ്ങളായ ഭൂമിയുടെ രജിസ്ട്രേഷൻ ഫീസ്, നികുതി ഇളവുകൾ, തുടങ്ങിയവ ഈ മേഖലയ്ക്കും ലഭ്യമാക്കുന്നതാണ്. അന്താരാഷ്ട്ര ഉന്നത അക്കാദമിക മേഖലയിലേക്കുള്ള ഗതാഗതസൗകര്യങ്ങൾ, വൈദ്യുതി, വെള്ളം , ഇന്റർനെറ്റ് സൗകര്യങ്ങൾ ഇവ നൽകുന്നതുമാത്രമാണ് ഈ മേഖലയിലേക്കുള്ള സർക്കാർ പങ്കാളിത്തം. |
| (സി) | പ്രസ്തുത വിദ്യാഭ്യാസ മേഖലകളുടെ ചുമതലകൾ എന്തെല്ലാമായിരിക്കുമെന്ന് വ്യക്തമാക്കുമോ; | (സി) | അന്താരാഷ്ട്ര തലത്തിലെ കോഴ്സുകൾ ലഭ്യമാക്കുക, ദേശീയ അന്തർദേശീയ കോഴ്സുകളിലുള്ള സിലബസ് തയ്യാറാക്കൽ , അന്താരാഷ്ട്ര പ്രശസ്തരായ വിദ്യാഭ്യാസ പ്രവർത്തകരുടെ സേവനങ്ങൾ, അന്താരാഷ്ട്ര തലത്തിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമുള്ള പഠന സൗകര്യങ്ങൾ, ദേശീയ |

| | | | |
|---|---|---|---|
| | | | തലത്തിൽ പ്രശസ്തരായ അദ്ധ്യാപകരുടെ സേവനം എന്നിവ ലഭ്യമാക്കുക. അവരിലൂടെ ഗുണനിലവാരമുള്ള ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ തദ്ദേശിയ അദ്ധ്യാപകർക്ക് ലഭ്യമാക്കുക. ദേശീയ – വിദേശീയ വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസ സൗകര്യങ്ങൾ നൽകി, കേരളത്തെ ഉന്നത വിദ്യാഭ്യാസ ഹബ്ബ് ആയി മാറ്റുക എന്നിവയാണ് അന്താരാഷ്ട്ര ഉന്നത അക്കാദമിക മേഖലകൾക്കുള്ള ചുമതലകൾ. |

സെക്ഷൻ ഓഫീസർ